Page 1 of 1

(ബി) ഇവർക്ക് മിനിമം കൂലി ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനുകീഴിൽ ഖാദി സഹകരണ സംഘങ്ങളിൽ 206 പേരും ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളിൽ 893 പേരും തൊഴിലെടുക്കുന്നു.

(ബി) ഖാദി മേഖലയിൽ മിനിമം കൂലി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആനുകൂല്യം ഖാദി സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. ഓരോ ഖാദി തൊഴിലാളികളുടെയും ഉല്പാദനം വ്യത്യസ്തമാണ്. ആയതിനാൽ ഉല്പാദനത്തിന് ആനുപാതികമായി മിനിമംകൂലി നിശ്ചയിച്ച് വിതരണം ചെയ്യുന്നു. ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഏർപ്പെടുത്തിയിട്ടില്ല.

**ചെറുകിട സഹകരണസംഘങ്ങൾ**

**97(2085)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട സഹകരണ സംഘങ്ങൾ സാമ്പത്തിക പരിമിതിമൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചെറുകിട സംഘങ്ങൾക്ക് സഹകരണ ബാങ്കുകളിൽനിന്നുപോലും വേണ്ടത്ര വായ്പ നൽകുന്നില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ചെറുകിട സഹകരണ സംഘങ്ങൾ സാമ്പത്തിക പരിമിതിമൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം (2015-16) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾ മുഖാന്തരം ധനസഹായം നൽകുവാനുള്ള പദ്ധതി പരിഗണനയിലാണ്. ഇതിനുപുറമേ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ള സ്വയംസഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly